നമ്പർ:ജി.(1)43796/2008.

സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി: 27-09-2008.

## സർക്കുലർ നമ്പർ: 64/08

വിഷയം:- സഹകരണ വകുപ്പ് - ഗാന്ധി ജയന്തി വാരാഘോഷം - ഒക്ടോബർ 2 മുതൽ 7 വരെ - ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്.

സൂചന:- 19-09-08 ന് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം.

ഗാന്ധിജിയുടെ ജന്മദിനമായ ഒക്ടോബർ 2 മുതൽ 7 വരെ സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ശുചിത്വവും ഗ്രാമവികസനവും കേന്ദ്രീകരിച്ചുകൊണ്ടുള്ള വിവിധ പ്രവർത്തനങ്ങളും പരിപാടികളും സംഘടിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

കഴിഞ്ഞ രണ്ടുവർഷങ്ങളിലായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന 'മാലിന്യ മുക്ത കേരളം' പദ്ധതിയുടെ തുടർച്ചയായി ഗാന്ധി ജയന്തി വാരാഘോഷങ്ങളോടനുബന്ധിച്ച് സംസ്ഥാനത്തെ സർക്കാർ ഓഫീസുകളുടെയും മറ്റ് പൊതു സ്ഥാപനങ്ങളുടെയും, പൊതു പരിസരവും, ഓഫീസും വൃത്തിയാക്കുവാൻ സൂചന പ്രകാരം യോഗം തീരുമാനിച്ചിട്ടുണ്ട്. പൊതു ജനങ്ങൾ കൂടുതലായി എത്തുന്ന ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ മതിയായ കക്കൂസ്/മൂത്രപ്പുര എന്നിവ ഏർപ്പെടുത്തൽ, ഓഫീസ് കെട്ടിടങ്ങളിൽ നിലവിലുള്ള ശുചിത്വ സൗകര്യങ്ങൾ അവിടെയെത്തുന്ന പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി മെച്ചപ്പെടുത്തൽ, ഓഫീസ് സ്ഥിതി ചെയ്യുന്ന കോമ്പൗണ്ട് അതിന്റെ പൊതു വൃത്തി, വെള്ളം കെട്ടിക്കിടക്കുന്നതടക്കമുള്ള അവസ്ഥ എന്നിവ പരിശോധിച്ചുകൊണ്ടും ഓഫീസിനകത്തെ വൃത്തിയും അന്തരീക്ഷവും മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മപരിപാടികളും ഉൾക്കൊള്ളിച്ചുകൊണ്ടും ഒരു ശുചീകരണ പദ്ധതി എല്ലാ ഓഫീസുകളിലും സഹകരണ സ്ഥാപനങ്ങളിലും തയ്യാറാക്കേണ്ടതാണ്. അതോടൊപ്പം ഓരോ ഓഫീസിലും സഹകരണ സ്ഥാപനങ്ങളിലും മേൽ കാര്യങ്ങളുടെ നടത്തിപ്പിനായി ജീവനക്കാരുടെ നേതൃത്വത്തിൽ

ഒരു ശുചിത്വ കർമ്മ പദ്ധതി തയ്യാറാക്കി അത് നിലനിർത്തുന്നതിന് ജീവനക്കാരുടെയും മറ്റ് സ്റ്റേക്ക് ഹോൾഡർമാരുടെയും കമ്മിറ്റികൾ രൂപീകരിക്കേണ്ടതുമാണ്.

ഒക്ടോബർ 2 മുതൽ 7 വരെ ഗാന്ധി ജയന്തി വാരാഘോഷത്തോടനുബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള ശുചീകരണ പ്രവർത്തനങ്ങളിൽ സഹകരണ വകുപ്പിലെ എല്ലാ ഓഫീസുകളും പങ്കെടുക്കുന്നതോടൊപ്പം ജില്ലയിലെ സഹകരണ സ്ഥാപനങ്ങളെക്കൂടി പങ്കെടുപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

ഒപ്പ്/-
റാണിജോർജ്ജ് ഐ.എ.എസ്.,
സഹകരണസംഘം രജിസ്ട്രാർ.

പകർപ്പ്:-

1. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്.
2. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
3. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, എല്ലാ അപ്പെക്സ് ഫെഡറേഷനുകൾക്കും.
4. ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ.
5. പ്രസിഡന്റ്/ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്കുകൾ.
6. ഡെപ്യൂട്ടി ഇൻസ്പെകർ ജനറൽ/വിജിലൻസ് ഓഫീസർ, വിജിലൻസ് ആസ്ഥാനം.
7. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ & ഓഡിറ്റ്)മാർക്കും.
8. ഡെപ്യൂട്ടി രജിസ്ട്രാർ, വിജിലൻസ് മേഖലാ ഓഫീസുകൾ.
9. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്).
10. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും. (ജോയിന്റ് രജസ്ട്രാർ മുഖേന)
11. എഡിറ്റർ, സഹകരണ വീഥി.
12. എഡിറ്റർ, സഹകരണ ജേർണൽ.
13. സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.